പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5349 15.11.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>" വി.ടി.ബൽറാം<br>" ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എം പാനൽ ഡ്രൈവർമാരെ പിരിച്ച് വിട്ടത് മൂലം കെ.എസ്.ആർ.ടി.സിയുടെ ഷെഡ്യൂളുകൾ മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ഷെഡ്യൂളുകളാണ് മുടങ്ങിയത്; | (എ) | ഉണ്ട്. താൽക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്.<br>ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് മൂലം കെ.എസ്.ആർ.ടി.സി ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും, താരതമ്യേന വരുമാനക്കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. |
| (ബി) | പിരിച്ചുവിടപ്പെട്ട എം പാനൽ ഡ്രൈവർമാരെ 179 ദിവസത്തേക്ക് വീണ്ടും നിയമിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിലെത്ര പേർ ജോലിക്ക് ഹാജരായി; | (ബി) | പിരിച്ചുവിടപ്പെട്ട എം പാനൽ ഡ്രൈവർമാരെ വീണ്ടും നിയമിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | കാലാവധി കഴിഞ്ഞ പി.എസ്.സിയുടെ ഡ്രൈവർ റാങ്ക് പട്ടികയിൽ ഉണ്ടായിരുന്നവർക്ക് കെ.എസ്.ആർ.ടി.സി താല്ക്കാലിക നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്; | (സി) | ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കെ.പി.എസ്.സിയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരിക്കുകയും, എന്നാൽ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ അഭാവം മൂലം സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടിവരികയും ചെയ്യുന്ന സാഹചര്യം ഉണ്ടായപ്പോൾ പലപ്പോഴും കാലഹരണപ്പെട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയടക്കം താൽക്കാലികമായി ദിവസവേതനക്കാരായി കോർപ്പറേഷനിൽ നിയോഗിച്ചിട്ടുണ്ട്.<br>2007 മുതൽ നാളിതുവരെ 1518 പേരെ കാലഹരണപ്പെട്ട ലിസ്റ്റിൽ നിന്നും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. താൽക്കാലിക നിയമനത്തിൽ തുടർന്നവരെ |

| | | | |
|---|---|---|---|
| | | | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. |
| (ഡി) | സുശീൽ ഖന്ന പാക്കേജ് പ്രകാരം കെ.എസ്.ആർ.ടി.സി ബസ്സും ജീവനക്കാരും തമ്മിലുള്ള അനുപാതം നിലവിലെത്രയാണ്; | (ഡി) യും (ഇ) യും | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽഖന്ന റിപ്പോർട്ടിൽ ബസ്-ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5 ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്നതിനായി ഒരു സമിതിയെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി. യിൽ നിലവിലെ ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. |
| (ഇ) | ഇതുപ്രകാരം എത്ര ഡ്രൈവർമാരെയാണ് കെ.എസ്.ആർ.ടി.സിക്ക് ആവശ്യമായിട്ടുള്ളത് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ